പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4847 24.07.2015--ൽ മറുപടിക്ക്

**മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ 22/01/2015-ലെ പി.എൽ.ബി1-89689/2014/ആ.വ.ഡ നമ്പർ കത്ത് പ്രകാരം മറ്റ 17 പ്രൊപ്പോസലുകളോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകളിൽ നബാർഡ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം വിശദാംശങ്ങൾ ഉൾപ്പെടെ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | | |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ ലഭ്യമാക്കുമോ ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ 129921/പി3/2015/ആ.കു.വ എന്നാണ്. |
| (ഡി) | പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) & (ഇ) | ആധുനിക രീതിയിൽ രൂപകല്പന ചെയ്ത 5 നിലകളുള്ള ഒരു പുതിയ കെട്ടിടമാണ് പ്രസ്തുത പ്രൊപ്പോസൽ പ്രകാരം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി നിർമ്മാണ പ്രവൃത്തിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ പകർപ്പും മറ്റുവിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (എഫ്) | പ്രസ്തുത പദ്ധതിയ്ക്കുള്ള അംഗീകാരം അടിയന്തരമായി ലഭ്യമാക്കുമോ ? | (എഫ്) | പ്രസ്തുത പദ്ധതിയ്ക്കുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ